(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്വാശ്രയ സ്വകാര്യ മേഖലയിൽ എത്ര ബി. എഡ്./എം. എഡ്. കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള പേരുവിവരം ലഭ്യമാകുമോ;

(ബി) അംഗീകാരത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അവ ഏതെല്ലാം ആണെന്നു വെളിപ്പെടുത്തുമോ;

(സി) വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകുകയും പിന്നീട് റദ്ദാക്കുകയും ചെയ്ത ബി. എഡ്./എം. എഡ്. കോളേജുകളുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ഡി) ഇവയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്ത കോളേജുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-ൽ 10 ബി. എഡ്. ട്രെയിനിംഗ് കോളേജുകൾക്കും, 2003-ൽ 64 ബി. എഡ്. കോളേജുകൾക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. എം. എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടില്ല. കോളേജുകൾക്ക് അംഗീകാരം നൽകുന്നത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണ്. കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 2001-ൽ 10-ഉം 2002-2003 വർഷങ്ങളിലായി 291-ഉം അപേക്ഷകൾ എൻ. ഒ. സി.-ക്കായി ലഭിച്ചിരുന്നു. അപേക്ഷകരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) എൻ. ഒ. സി. നൽകാൻ തീരുമാനിക്കുകയും പിന്നീട് പിൻവലിക്കാൻ തീരുമാനിക്കുകയും ചെയ്ത ബി. എഡ്. കോളേജുകളുടെ പട്ടിക അനുബന്ധം 3 ആയും എം. എഡ്. കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷ നൽകിയവരുടെ ലിസ്റ്റ് അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു.†

(ഡി) എൻ. സി. റ്റി. ഇ.-യും യൂണിവേഴ്സിറ്റികളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മികച്ച രീതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിദഗ്ധ സമിതി റിപ്പോർട്ട് ചെയ്ത കോളേജുകൾക്ക് മാത്രമേ എൻ. ഒ. സി. നൽകിയിട്ടുള്ളൂ.

ബി. എഡ്. കോളേജുകൾ സ്റ്റേ ചെയ്തുകൊണ്ട് ഹൈക്കോടതി എത്തിച്ചേർന്ന നിഗമനങ്ങൾ

138 [690] ശ്രീ. ബിനോയ് വിശ്വം:
„ പി. എസ്. സുപാൽ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹൈക്കോടതിക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായും ഗവൺമെന്റ് തീരുമാനം മറികടന്നും ബി. എഡ്. കോളേജുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ബി. എഡ്. കോളേജുകൾ അനുവദിച്ച നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്റ്റേ ചെയ്തുകൊണ്ട് ഹൈക്കോടതി എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) മന്ത്രിസഭയുടെ അനുമതിക്ക് വിധേയമായി മുൻനിശ്ചയിച്ച 75 കോളേജുകൾക്ക് പുറമേ 21 ബി. എഡ്. കോളേജുകൾക്കു കൂടി എൻ. ഒ. സി. നൽകിയിരുന്നുവെങ്കിലും മന്ത്രിസഭാ തീരുമാനത്തെ തുടർന്ന് അത് റദ്ദാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്റ്റേ നിലനിൽക്കെ കേസ് പൂർണ്ണമായി വാദം കേട്ടിട്ടില്ല.

കമ്മീഷൻ ഓൺ ഗ്രാഡുവേറ്റ് ഓഫ് ഫോറിൻ നഴ്സിംഗ് സ്കൂൾ യോഗ്യതാ പരീക്ഷ

139 [691] ശ്രീ. വി. ബാലറാം:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
„ പി. ജെ. ജോയി:
„ ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എസ്. എ.-യിൽ നഴ്സ് ആയി തിരഞ്ഞെടുക്കപ്പെടുന്നതിന് കമ്മീഷൻ ഓൺ ഗ്രാഡുവേറ്റ് ഓഫ് ഫോറിൻ നഴ്സിംഗ് സ്കൂൾ യോഗ്യതാ പരീക്ഷയ്ക്കുള്ള സെന്ററായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ അംഗീകരിച്ചിരുന്നുവോ;

(ബി) അവിടെ പരീക്ഷ എഴുതുന്നവർക്കുവേണ്ടിയുള്ള കോഴ്സ് കൊച്ചിയിൽ നടത്തിയിരുന്നുവോ;

(സി) ഈ കോഴ്സിനുള്ള ചെലവ്, വിജയികൾക്ക് ഗ്രീൻ കാർഡ് നൽകി അമേരിക്കയിൽ കൊണ്ടുപോകുന്നതിനുള്ള ചെലവ് എന്നിവ വഹിക്കുകയും അമേരിക്കയിൽ അവർക്ക് ജോലി നേടികൊടുക്കുകയും ചെയ്യുന്നത് ഉത്തരവാദപ്പെട്ട അമേരിക്കൻ കമ്പനികളായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly